# കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെൽ
# ഹയർസെക്കന്ററി വിദ്യാഭ്യാസം

## ഏകജാലകം:

‘ഫോക്കസ് പോയിന്റുകൾ’ പ്രവർത്തിപ്പിക്കും

CG&AC 15380/2011 Dated 30/04/2011

ഒന്നാം വർഷഹയർസെക്കന്ററി പ്രവേശനവുമായി ബന്ധപ്പെട്ട് രക്ഷാകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വിവരങ്ങളും നൽകാനായി സംസ്ഥാനത്തെ പതിനാലു ജില്ലാകേന്ദ്രങ്ങളിലും ‘ഫോക്കസ് പോയിന്റ്’ എന്ന പേരിൽ സഹായ കേന്ദ്രങ്ങൾ മേയ് 5 മുതൽ പ്രവർത്തനം തുടങ്ങും. ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളുടെയും കോഴ്സുകളുടെയും കോമ്പിനേഷനുകളുടെയും വിശദവിവരങ്ങളും അതിന്റെ ഉപരിപഠനസാധ്യതകളും ഭാവിയിലെ തൊഴിൽ സാധ്യതകളുടെ വിവരങ്ങളും നൽകാനാകുന്ന ‘ഫോക്കസ് പോയിന്റിൽ’ പരിശീലനം നേടിയ കരിയർ ഗൈഡുകളുടെ സേവനം ലഭ്യമാകും. പ്രവൃത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ 5 വരെ പ്രവർത്തിക്കുന്ന ‘ഫോക്കസ് പോയിന്റുകൾ’ ഓരോജില്ലയിലും ഏതൊക്കെ സ്കൂളിലാണെന്ന വിവരങ്ങൾ ഇതോടൊപ്പമുണ്ട്. അതതു ജില്ലയിലെ ‘ഫോക്കസ് പോയിന്റ്’ പ്രവർത്തിക്കുന്ന സ്കൂളിന്റെ വിവരവും പ്രവർത്തന സമയവും ഇതിന്റെ സാധ്യതകളും രക്ഷാകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും അറിയാനാകുന്ന തരത്തിൽ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും പ്രദർശിപ്പിക്കാൻ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് കരിയർ ഗൈഡൻസ് സ്റ്റേറ്റ് കോ–ഓർഡിനേറ്റർ ഡോ. എസ്. നസീബുമായി ബന്ധപ്പെടാവുന്നതാണ്.

Sd/-

**എ. പി. എം. മുഹമ്മദ് ഹനീഷ് IAS**
**ഡയറക്ടർ**

| ക്രമ നമ്പർ | ജില്ല | സ്കൂൾ |
|---|---|---|
| 1 | തിരുവനന്തപുരം | ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, പട്ടം |
| 2 | കൊല്ലം | ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്. എസ്. എസ്, തേവള്ളി |
| 3 | പത്തനംതിട്ട | മാർത്തോമ എച്ച്. എസ്. എസ് പത്തനംതിട്ട |
| 4 | ആലപ്പുഴ | ലജനത്തുൽ മുഹമ്മദി എച്ച്. എസ്. എസ് ആലപ്പുഴ |
| 5 | കോട്ടയം | മൗണ്ട് കാർമ്മൽ എച്ച്. എസ്. എസ് കഞ്ഞിക്കുഴി |
| 6 | ഇടുക്കി | ഗവൺമെന്റ് എച്ച്. എസ്. എസ് തൊടുപുഴ |
| 7 | എറണാകുളം | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എസ് എറണാകുളം |
| 8 | തൃശ്ശൂർ | ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്. എസ്. എസ്, തൃശ്ശൂർ |
| 9 | പാലക്കാട് | ഗവൺമെന്റ് മോയൻ മോഡൽ എച്ച്. എസ്. എസ്, പാലക്കാട് |
| 10 | മലപ്പുറം | ഗവൺമെന്റ് എച്ച്. എസ്. എസ് മക്കാരപറമ്പ |
| 11 | കോഴിക്കോട് | ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്, കോഴിക്കോട് |
| 12 | വയനാട് | എസ്. കെ. എം. ജെ. എച്ച്. എസ്. എസ് കല്പറ്റ |
| 13 | കണ്ണൂർ | ഠൗൺ എച്ച്. എസ്. എസ്, കണ്ണൂർ |
| 14 | കാസർകോഡ് | ഗവൺമെന്റ് എച്ച്. എസ്. എസ്, കാസർകോഡ് |

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്

### പ്ലസ്‌വൺ പ്രവേശനം:

### 'ഫോക്കസ് പോയിന്റുകൾ' സഹായിക്കും

ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളുടെ വിവരങ്ങളും വിവിധ സബ്ജക്ട് കോമ്പിനേഷനുകളും ഉപരിപഠന സാധ്യതകളും ഭാവിയിലെ തൊഴിൽ സാധ്യതകളും അറിയുന്നതിന് ഹയർസെക്കന്ററി കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെൽ രൂപീകരിച്ച 'ഫോക്കസ് പോയിന്റ്' നമ്മുടെ

ജില്ലയിൽ..........................................................................................................

സ്കൂളിൽ മേയ് 5 മുതൽ പ്രവർത്തിക്കുന്നുണ്ട്. പരിശീലനം നേടിയ കരിയർ ഗൈഡുകളുടെ സേവനം ലഭ്യമാകുന്ന പ്രസ്തുത സെന്ററിന്റെ സേവനം രക്ഷാകർത്താക്കളും വിദ്യാർത്ഥികളും ഉപയോഗിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

**പ്രിൻസിപ്പാൾ**